## പത്രക്കുറിപ്പ്

17.10.2017 തീയതി പുത്തരികണ്ടം മൈതാനത്ത് അവസാനിക്കുന്ന BJP യുടെ ജനരക്ഷാ യാത്രയോട് അനുബന്ധിച്ച് അന്നേദിവസം രാവിലെ10.00 മണിമുതൽ തിരുവനന്തപുരം നഗരത്തിൽ ഗാതാഗതക്രമീകരണം ഉണ്ടയിരിക്കുന്നതാണ്.

ജനരക്ഷാ യാത്രയോട് അനുബന്ധിച്ചുള്ള സമാപനറാലി ആരഭിക്കുന്ന സമയം മുതൽ തീരുന്നതുവരെ പട്ടം - പ്ലാമൂട് - പി.എം.ജി - ആർ.ആർ ലാംമ്പ് - പാളയം - വി.ജെ.റ്റി - സ്റ്റാച്യൂ- പുളിമൂട് - ആയുർവേദകോളേജ്- ഒ.ബി.റ്റി.സി - കിഴക്കേകോട്ട - വെട്ടിമുറിച്ചകോട്ട(എം.ജി .റോഡ്) റോഡിലൂടെയുള്ള ഗതാഗതം യാത്രക്കാർ ഒഴിവാക്കേണ്ടതാണ്.

ജനരക്ഷാ യാത്രയോട് അനുബന്ധിച്ച് ദേശീയ പാതയിൽ നിന്നും വരുന്ന വാഹനങ്ങൾ കഴക്കൂട്ടം ഭാഗത്തുനിന്നും കഴക്കൂട്ടം -കോവളം ബൈപ്പാസിലൂടെ കിഴക്കേകോട്ട , തമ്പാനൂർ ഭാഗത്തേയ്ക്ക് പോകേണ്ടതാണ്.

എം.സി റോഡിൽ നിന്നും വരുന്ന വാഹനങ്ങൾ മണ്ണന്തലയിൽ നിന്നും തിരിഞ്ഞ് മുക്കോല - പേരൂർക്കട – ശാസ്തമംഗലം - ഇടപ്പഴിഞ്ഞി വഴി തമ്പാനൂർ ഭാഗത്തേയ്ക്ക് പോകേണ്ടതാണ്.

ചാക്ക - പേട്ട – ജനറൽ ഹോസ്പിറ്റൽ ഹോസ്പിറ്റൽ വഴി വരുന്ന വാഹനങ്ങൾ ആശാൻസ്ക്വയർ – അണ്ടർ പാസ്സ് - ബേക്കറി വഴി തമ്പാനൂരിലേയ്ക്ക് പോകേണ്ടതാണ്.

സമാപന റാലി സ്റ്റാച്യൂവിൽ എത്തുന്ന സമയം വരെ കിഴക്കേകോട്ടയിൽ നിന്നും പേരൂർക്കട - നെടുമങ്ങാട് ഭാഗങ്ങളിലേയ്ക്ക് പോകേണ്ട വാഹനങ്ങൾ ഓവർ ബ്രിഡ്ജിൽ നിന്നും തിരിഞ്ഞ് തമ്പാനൂർ ഫ്ലൈ ഓവർ – മേട്ടുക്കട – വഴുതക്കാട് - വെള്ളയമ്പലം വഴി പോകേണ്ടതും, കണ്ണമ്മൂല – മെഡിക്കൽ കോളേജ് - പേട്ട ഭാഗങ്ങളിലേയ്ക്ക് പോകേണ്ട വാഹനങ്ങൾ ആയുർവേദകോളേജ് - കൈതമുക്ക് - വഞ്ചിയൂർ വഴിയും പോകേണ്ടതാണ്.

സമാപന റാലി സ്റ്റാച്യൂ കടന്നാൽ കിഴക്കേകോട്ടയിൽ നിന്നുള്ള എല്ലാ വാഹനങ്ങളും അട്ടകുളങ്ങര – കിള്ളിപ്പാലം വഴിയോ, അട്ടകുളങ്ങര – മിത്രാനന്ദപുരം - ഈഞ്ചയ്ക്കൽ വഴിയോ പോകേണ്ടതാണ്.

തമ്പാനൂരിൽ നിന്നും ദേശീയ പാതയിലേയ്ക്കും എം.സി റോഡിലേയ്ക്കുമുള്ള എല്ലാ വാഹനങ്ങളും ബേക്കറി - അണ്ടർ പാസ് - ജനറൽഹോസ്പിറ്റൽ – പേട്ട – ചാക്ക വഴി യോ കണ്ണമ്മൂല – മെഡിക്കൽ കോളേജ്- ഉള്ളൂർ വഴിയോ പോകേണ്ടതാണ്.

സമ്മേളനവുമായി ബന്ധപ്പെട്ട് വിവിധ മണ്ഡലങ്ങളിൽ നിന്നും ആളെ കൊണ്ടുവരുന്ന വാഹനങ്ങൾ അവർക്കായി അനുവദിച്ചിട്ടുള്ള സ്ഥലങ്ങളിൽ റാലിയിൽ പങ്കെടുക്കുവാൻ എത്തുന്ന ആളുകളെ ഇറക്കിയശേഷം തിരികെ ചാക്ക വഴി ഈഞ്ചയ്ക്കൽ ബൈപ്പാസ് റോഡിലും ആറ്റുകാൽ ക്ഷേത്ര മൈതാനത്തും പാർക്ക് ചെയ്യേണ്ടതാണ്.

വാഹനങ്ങൾ പോകേണ്ട സ്ഥലങ്ങൾക്കനുസരിച്ച് ഗതാഗതതടസ്സം കൂടാതെ പാർക്ക് ചെയ്യേണ്ടതാണ്. റോഡിനു പരാലൽ ആയോ,ഗതാഗതതടസ്സം ഉണ്ടാക്കുന്ന രീതിയിലോ,പാർക്ക് ചെയ്തിരിക്കുന്ന മറ്റു വാഹനങ്ങൾക്ക് കടന്നു പോകുന്നതിന് തടസ്സം ഉണ്ടാകുന്ന രീതിയിലോ പാർക്ക് ചെയ്യുവാൻ പാടില്ല.പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങളിൽ ഡ്രൈവറോ,ക്ലീനറോ, ഉണ്ടായിരി ക്കേണ്ടതാണ്. വാഹനങ്ങൾ പൂട്ടിയിട്ട് പോകുന്ന അവസരങ്ങളിൽ ഉത്തരവാദിത്വപ്പെട്ട ആളുടെ ഫോൺ നമ്പർ വ്യക്തമായി കാണുന്ന രീതിയിൽ വാഹനങ്ങളിൽ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്.

സമ്മേളനം കഴിഞ്ഞ് ആറ്റിങ്ങൽ, കിളിമാനൂർ,കോവളം, തിരുവല്ലം നെയ്യാറ്റിൻകര, ഭാഗത്തേയ്ക്ക് പോകേണ്ട വാഹനങ്ങൾ ഈഞ്ചയ്ക്കൽ നിന്നും ആളെ എടുത്ത് ബൈപ്പാസിലൂടെയും

തീരദേശ പാതയിലൂടെയും വടക്ക് ഭാഗത്തേയ്ക്കും തെക്ക്ഭാഗത്തേയ്ക്കും പോകേണ്ടതും പേരൂർക്കട -നെടുമങ്ങാട് ഭാഗത്തേയ്ക്ക് പോകേണ്ട വാഹനങ്ങൾ ചാക്ക – പേട്ട – ജനറൽ ഹോസ്പിറ്റൽ - ആശാൻസ്ക്വയർ – അണ്ടർ പാസ്സ് - ബേക്കറി - വഴുതക്കാട് വഴി പോകേണ്ടതാണ്.

തിരുവനന്തപുരം സിറ്റി പോലീസിന്റെ മേൽ പറഞ്ഞ ഗതാഗത ക്രമീകരണങ്ങളോട് പൊതുജനങ്ങൾ സഹകരിക്കേണ്ടതാണ്.

ട്രാഫിക്കുമായി ബന്ധപ്പെട്ട പരാതികൾക്കും നിർദ്ദേശങ്ങളും താഴെപ്പറയുന്ന ഫോൺ നമ്പരുകളിൽ അറിയിക്കാവുന്നതാണ്.

ഫോൺ നമ്പരുകൾ:-

0471-2558731
0471-2558732

പോലീസ് അസിസ്റ്റന്റ് കമ്മീഷണർ
ട്രാഫിക് സബ്ബ് ഡിവിഷൻ (നോർത്ത്)
തിരുവനന്തപുരം സിറ്റി.